Deepika - 12.12.2016

ആർമിയിൽ എൻസിസി സ്പെഷൽ എൻട്രി

അപേക്ഷാഫോം ഉൾപ്പെടെയുള്ള വിജ്ഞാപനം www.joinindianarmy.nic.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

ഇന്ത്യൻ ആർമിയിലെ എൻസിസി സ്പെഷൽ എൻട്രി കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പുരുഷൻമാർക്കും അവിവാഹിതരായ വനിതകൾക്കുമാണ് അവസരം. യുദ്ധമേഖലകളിൽ മരിച്ചവരുടെ/ പരിക്കേറ്റവരുടെ ആശ്രിതർക്കും അപേക്ഷിക്കാവുന്നതാണ്. എൻസിസി പുരുഷൻമാർ -54, വനിതകൾ -4 (ഇരുവിഭാഗത്തിലും ആശ്രിത നിയമനത്തിന് നിശ്ചിത ശതമാനം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്).

യോഗ്യത-മൊത്തം അമ്പതു ശതമാനം മാർക്കോടെ ബിരുദം/ തത്തുല്യം അവസാന വർഷക്കാർക്കും അപേക്ഷിക്കാവുന്നതാണ്. നിർദിഷ്ട സമയത്തിനുള്ളിൽ ഇവർ യോഗ്യത നേടിയിരിക്കണം. എൻസിസിയുടെ സീനിയർ ഡിവിഷൻ വിംഗിൽ രണ്ടുവർഷമെങ്കിലും പ്രവർത്തിച്ചിരിക്കണം. സി സർട്ടിഫിക്കറ്റ് പരീക്ഷയിൽ കുറഞ്ഞത് ബി ഗ്രേഡെങ്കിലും കരസ്ഥമാക്കിയിരിക്കണം. യുദ്ധമേഖലയിൽ മരിച്ചവരുടേയോ പരിക്കേറ്റവരുടേയോ ആശ്രിതർക്ക് അമ്പതു ശതമാനം മാർക്കോടെയുള്ള ബിരുദമാണ് യോഗ്യത. എൻസിസി സി സർട്ടിഫിക്കറ്റ് ഇവർക്കു ബാധകമല്ല.

പ്രായം- 19-25 വരെ. (1992 ജൂലൈ-2 നും 1998 ജൂലൈ ഒന്നിനും ഇടയിൽ).

ശാരീരിക യോഗ്യത- ഉയരം 157.5 സെമീ. വനിതകൾക്ക് 152 സെമീ. ഉയരത്തിന് ആനുപാതികമായ തൂക്കം ഉണ്ടായിരിക്കണം. വനിതകൾക്ക് 42 കിലോഗ്രാം തൂക്കം. ലക്ഷദ്വീപിൽ നിന്നുള്ളവർക്ക് ഉയരത്തിൽ രണ്ടു സെൻറീമീറ്റർ ഇളവ് ലഭിക്കും. ഓഫിസേഴ്സ് ട്രെയിനിംഗ് അക്കാഡമിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന സമയത്ത് ശാരീരിക ക്ഷമതാ പരീക്ഷയിൽ 15 മിനിട്ടിൽ 2.4 കിലോമീറ്റർ ഓട്ടം, പുഷ്അപ് 13, സിറ്റ് അപ്- 25, ചിൻ അപ്- 6, റോപ് ക്ലൈമ്പിംഗ്- 3.4 മീറ്റർ എന്നിവ പാസായിരിക്കണം.



തെരഞ്ഞെടുപ്പ്- അതാത് ഗ്രൂപ്പ്ഹെഡ്ക്വാർട്ടേഴ്സുകളിലേക്ക് അയയ്ക്കുന്ന അപേക്ഷകൾ സംസ്ഥാന ഡയറക്ടറുകളിലേക്കും പിന്നീട് എൻസിസി ഹെഡ്ക്വാർട്ടേഴ്സിലേക്കും എത്തിക്കുകയാണ് ചെയ്യേണ്ടത്. പ്രാഥമിക ഘട്ട സ്ക്രീനിംഗിന് ശേഷം യോഗ്യരായവർക്ക് കോൾ ലെറ്റർ അയയ്ക്കും. പിന്നീട് എസ്എസ്ബി ഇൻറർവ്യൂ, ഗ്രൂപ്പ് ടെസ്റ്റ്, സൈക്കോളജിക്കൽ ടെസ്റ്റ്, വൈദ്യപരിശോധന എന്നിവ ഉണ്ടായിരിക്കും.

തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ചെന്നൈയിൽ 49 ആഴ്ച പരിശീലനം ഉണ്ടായിരിക്കും. ഈ കാലയളവിൽ സ്റ്റൈപ്പൻഡായി 21,000 രൂപ ലഭിക്കും. പരിശീലനം പൂർത്തിയാക്കുന്നവർക്ക് ലെഫ്റ്റനൻറായി നിയമനം ലഭിക്കും.

അപേക്ഷ അയയ്ക്കേണ്ട വിധം- അപേക്ഷാ ഫോം ഉൾപ്പെടെയുള്ള വിജ്ഞാപനം www.joinindianarmy.nic.in എന്ന വെബ്സൈറ്റിൽനിന്നു ലഭിക്കും. അപേക്ഷയിൽ നിശ്ചിത സ്ഥലത്ത് പാസ്പോർട്ട് സൈസ് ഫോട്ടോ ഒട്ടിച്ച് ഒപ്പും രേഖപ്പെടുത്തി യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പു സഹിതം അതാത് എൻസിസി ബറ്റാലിയനുകളിൽ അപേക്ഷ സമർപ്പിക്കുക. ആശ്രിത നിയമനത്തിൽപ്പെടുന്നവർ മതിയായ രേഖകൾ സഹിതം (ആശ്രിതനാണെന്ന് തെളിയിക്കുന്ന രേഖകൾ) താഴെക്കാണുന്ന വിലാസത്തിൽ അയയ്ക്കുക.

വിലാസം- General Of Recruiting/ Rtg.6, NCC Entry, West Block- III, R.K. Puram, NewDelhi 110 066

എന്ന വിലാസത്തിൽ അയയ്ക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി- എൻസിസി എൻട്രിക്കാർക്ക് ജനുവരി 20.

Sir, please publish in work.